നമ്പർ WCD-E1/13680/2021

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 16/11/2021

## <u>പരിപത്രം</u>

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കോവിഡ്-19 - ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബ.

കോവിഡ് പോസിറ്റീവ് ആയ/ പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് ചികിൽസയിൽ കഴിയുന്ന/ ക്വാന്റെനിൽ കഴിയുന്ന കാലയളവിലേയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് വേണ്ടി നിരവധി അപേക്ഷകളാണ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ശുപാർശ ചെയ്ത് അയക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. കോവിഡ് പോസിറ്റീവ് ആയ/ പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാർ ചികിൽസയിൽ കഴിയുന്ന/ ക്വാന്റെനിൽ കഴിയുന്ന കാലയളവിലേയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് വേണ്ടി നിശ്ചിത മാതൃകയിലുള്ള അവധി അപേക്ഷയും ആരോഗ്യ വകുപ്പ്/ തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരിൽ നിന്നുള്ള സാക്ഷ്യപത്രം ഉൾപ്പടെ അതാത് ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

2. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് കോവിഡ്-19 മായി ബന്ധപ്പെട്ട് ലഭിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാരുടെ അവധി അപേക്ഷകൾ അതാത് സമയങ്ങളിൽ നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് യോഗ്യമായ കാലയളവിലേയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കേണ്ട ചുമതല ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്.

3. ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്ന ഉത്തരവിന്റെ പകർപ്പ് യഥാസമയം വനിതാ ശിശുവികസന ഡയറക്ടർക്കും, അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം നും അയക്കേണ്ടതുമാണ്.

Sd/-

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. സ്റ്റോക്ക് ഫയൽ/ സ്പെയർ